# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 640** 08.08.2017-ൽ മറുപടിക്ക്

## പെരിങ്ങൽകുത്ത് ഡാമിനോട് ചേർന്ന് ഹൈഡൽ ടൂറിസം

| | ചോദ്യം<br>**ശ്രീ. ബി.ഡി. ദേവസ്സി:** | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ പെരിങ്ങൽ കുത്ത് ഡാമിനോട് ചേർന്ന് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ബോട്ടിംഗ് സംവിധാനം നിർത്തിവെച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ബോട്ടിംഗ് പുനരാരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരി ക്കുമോ; | (ബി) | വനം വകുപ്പിന്റെ നിർദ്ദേശമനുസരിച്ചാണ് പെരിങ്ങൽകുത്തിൽ വിജയകരമായി നടത്തി വന്നിരുന്ന ബോട്ടിംഗ് നിർത്തി വയ്ക്കേണ്ടി വന്നത്. ബോട്ടിംഗ് പുനരാരംഭി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരി ക്കുന്നതിന് വനംവകുപ്പ് അധികാരികൾക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. വനംവകുപ്പിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബോട്ടിംഗ് പുനരാരംഭിക്കുന്നതാണ്. |
| (സി) | പെരിങ്ങൽകുത്തിൽ കെ. എസ്. ഇ. ബി.യുടെ ഉപയോഗശൂന്യമായി ക്കിടക്കുന്ന ക്വാർട്ടേഴ്സുകൾ പുതുക്കി പണിത് വിനോദസഞ്ചാരികൾക്ക് സൗകര്യമൊരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) & (ഡി) | സ്വീകരിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സുകൾ നവീകരി ക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരനെ ഏൽപിക്കുകയുണ്ടായി. എന്നാൽ അവർ പണി തുടങ്ങാത്ത സാഹചര്യത്തിൽ ഹൈഡൽ ടൂറിസം നേരിട്ട് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയി ക്കാമോ? | | |

Kemalelle

**സെക്ഷൻ ഓഫീസർ**